മി. സ്പീക്കർ: മിസ്റ്റർ ചന്ദ്രസേനൻ അവിടെ ഇരിക്കണം. പ്രിവിലേജ് മോഷൻ എടുക്കേണ്ടതാണെങ്കിൽ ഞാൻ എടുക്കും. ആവശ്യമുള്ള കാര്യമാണെങ്കിൽ ഞാൻ എടുക്കും. ഞാൻ നോട്ടീസ് കൊടുത്തു എന്നു പറഞ്ഞ് എഴുന്നേറ്റു നിൽക്കുന്നത് ശരിയല്ല. അങ്ങനെ എത്രയോ മെമ്പറൻമാർ എത്തെല്ലാം കാര്യങ്ങൾക്ക് നോട്ടീസ് കൊടുത്തിരിക്കുന്നു. അതുകൊണ്ട് അങ്ങനെയെല്ലാം ചോദിച്ചാൽ ഈ സഭാ നടപടികൾ എങ്ങനെയാണ് മുമ്പോട്ട് കൊണ്ടുപോകുന്നത്. ശ്രീ. ചന്ദ്രസേനൻ എന്റെ മുറിയിൽ വന്നു. ഇതിനെപ്പറ്റി പറഞ്ഞപ്പോൾ ഇത് റെയിസ് ചെയ്യേണ്ടകാര്യമില്ലെന്ന് ഞാൻ പറഞ്ഞു. അങ്ങനെ ഞാൻ പറഞ്ഞതിനു ശേഷവും ഇവിടെ വന്ന് മിടുക്കുകാണിക്കേണ്ട കാര്യമില്ല.

I told you yesterday that this was not a matter which deserved to be brought before the House. Please resume your seat.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: അങ്ങയുടെ പടവും....

Mr. Speaker : That is alright. There is an end of the Matter .....ബഹുമാനപ്പെട്ട മെമ്പർ ഇരിക്കണം.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: സർ, സർ.....

Mr. Speaker : The hon. Member will please go out of the House.

ഞാനിവിടെ എഴുന്നേറ്റു നിൽക്കുന്ന അവസരത്തിൽപ്പോലും ഇങ്ങനെ എഴുന്നേറ്റു നിന്ന് ഓരോകാര്യങ്ങൾ പറയാൻ തുടങ്ങിയാൽ സഭാ നടപടികൾ എങ്ങനെ നടക്കും..... I am giving a warning. Now I am not taking any drastic action.

PRESENTATION OF REPORT

Mr. Speaker : Shri T. K. Divakaran may present the Report of the Business Advisory Committee.

Shri T. K. Divakaran : Sir, I present the Second Report in 1970 of the Business Advisory Committee.

Mr. Speaker : The Report is presented.

Shri. T. K. Divakaran : I move that the Second Report of the Business Advisory Committee be adopted.

Minister for Education and Home (**Shri C. H. Muhammed Koya**) :

I Second it.

The question that the Second Report of the Business Advisory Committee, 1970 be adopted was put and carried.

The Report was adopted.

GOVERNMENT RESOLUTION

Mr. Speaker : The hon. Home Minister may move the Resolution on behalf of the Chief Minister.

LIBRARY ARCHIVES Kerala Legislative Assembly

Minister for Education and Home (**Shri C. H. Mohammed Koya**) :

Sir, I move "that this House ratifies the amendment to the Constitution of India falling within the purview of the proviso to Article 368 thereof, proposed to be made by the Constitution (Twenty Third Amendment) Bill, 1969 as passed by both Houses of Parliament".

Shri N. K. Seshan : I second it.

ആഭ്യന്തരവും വിദ്യാഭ്യാസവും മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദ് കോയ): സർ. ഈ പ്രമേയം വിശദീകരിച്ചുകൊണ്ട് രണ്ടുമൂന്ന് വാചകങ്ങൾ പറയാൻ മാത്രമേ സമയ ദൗർലഭ്യം കൊണ്ട് ഞാൻ ഉദ്ദേശിക്കുന്നുള്ളു. ഹരിജനങ്ങളുടേയും പട്ടികവർഗ്ഗക്കാരുടേയും ആംഗ്ലോ ഇൻഡ്യക്കാരുടേയും പ്രതിനിധികൾക്ക് റിസർവേഷൻ നൽകിക്കൊണ്ടുള്ള വ്യവസ്ഥകൾ നമ്മുടെ ഭരണഘടനയിലുള്ളത് അവസാനിക്കാൻ പോവുകയാണ്. അത് ഇനി ഒരു പത്തു വർഷത്തേയ്ക്കുകൂടി നീട്ടിക്കൊടുക്കാനുള്ള നിയമനിർമ്മാണ നടപടികൾ പാർലമെന്റ് മുഖേന ആരംഭിച്ചിട്ടുണ്ട്. ഭരണഘടനയുടെ വ്യവസ്ഥകൾ അനുസരിച്ച് നിശ്ചിതയെണ്ണം സ്റ്റേറ്റ് ഗവൺമെന്റുകളും ആ നിയമനിർമ്മാണത്തെ അനുകൂലിച്ചുകൊണ്ട് പ്രമേയം പാസാക്കേണ്ടതുണ്ട്. അങ്ങനെയുള്ള ഒരു പ്രമേയം വളരെ അടിയന്തിരമായി പാസാക്കിയെങ്കിൽ മാത്രമേ ഈ ഹരിജനങ്ങൾക്കും പട്ടികവർഗ്ഗക്കാർക്കും ആംഗ്ലോഇൻഡ്യൻ സമുദായത്തിൽപ്പെട്ട ആളുകൾക്കും അവരുടെ റിസർവേഷൻ തുടർന്ന് ലഭിക്കുകയുള്ളു. നീണ്ട കാലങ്ങളായി അവഗണിക്കപ്പെട്ടുകയും ചരിത്രപരമായ കാരണങ്ങളാൽ അധസ്ഥിതരായി നിലകൊള്ളുകയും ചെയ്തിരുന്ന നമ്മുടെ പട്ടികജാതി സമുദായത്തിൽപ്പെട്ട ആളുകളെ ഉയർത്തിക്കൊണ്ടു വരേണ്ടത് സ്വാതന്ത്ര്യസമ്പാദനത്തോളം തന്നെ പ്രാധാന്യമുള്ള ഒരു കാര്യമായിരുന്നു എന്ന് രാഷ്ട്രപിതാവായ ഗാന്ധിജി വിശ്വസിച്ചിരുന്നു. അതുകൊണ്ടാണ് സ്വാതന്ത്ര്യസമരത്തോടൊപ്പം തന്നെ ഹരിജനോദ്ധാരണത്തിനുവേണ്ടിയുള്ള സമരവും അദ്ദേഹം നടത്തിയത്. ഇതിനകം തന്നെ പല പരിപാടികളും അതിനുവേണ്ടി ഉണ്ടായിട്ടുണ്ട്. ഇത്രയേറെ പൊതുജനാഭിപ്രായം ഉണർത്തിയിട്ടും ഇത്രയേറെ പ്രചാരവേല ചെയ്തിട്ടും നിയമനിർമ്മാണപരമായ നടപടികളും ഹരിജനോദ്ധാരണത്തിനു വേണ്ടി നാം നടത്തിയ അനേകം സാമൂഹ്യ നടപടികളും ഉണ്ടായിട്ടും ഈ സമുദായങ്ങൾ ഇന്നുവരെയും മറ്റു സമുദായങ്ങളോടൊപ്പം ഉയർന്നു വന്നിട്ടില്ല എന്നുള്ളത് ഒരു പരമാർത്ഥമാണ്. എന്നു മാത്രമല്ല നമ്മുടെ ജനങ്ങൾക്ക് അവരോടുള്ള മനോഭാവത്തിൽ ഒരു പ്രത്യേക പരിവർത്തനയുടെ സഹായമില്ലാതെ ഈ സഭയിൽ കടന്നുവരുന്നതിനുള്ള പരിതഃസ്ഥിതി സൃഷ്ടിക്കപ്പെട്ടിട്ടില്ല. അതിൻറെയെല്ലാം വെളിച്ചത്തിൽ ഇനി ഒരു ദശാബ്ദംകൂടി റിസർവേഷനെ ഈ ആനുകൂല്യങ്ങളെ അനുഭവിക്കാൻ സൗകര്യമുണ്ടാക്കികൊടുക്കേണ്ടതാണ്. നമ്മുടെ ഉദ്ദേശം സഫലീകരിച്ചിട്ടില്ല. നമ്മുടെ ലക്ഷ്യം സാധിതമായിട്ടില്ല. അതുകൊണ്ട് ഈ റിസർവേഷൻ നീട്ടിക്കൊടുക്കുന്നതിനുവേണ്ടി ഈ നിയമസഭ ഒരു പ്രമേയം പാസാക്കിയെങ്കിൽ മാത്രമേ കേന്ദ്രത്തിൽ നടന്നുവരുന്ന നിയമ നിർമ്മാണ പ്രവർത്തനങ്ങളെ അവ സാധ്യതികമായ നിലയിൽ പൂർത്തിയാക്കുകയുള്ളു എന്നുള്ള ഒരവസ്ഥ വന്നു ചേർന്നിരിക്കുകയാണ്. ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന നമ്മുടെ നിയമസഭയാണ് വലിയ തർക്കത്തിനൊന്നും അവകാശമില്ലാത്ത ഈ പ്രമേയം വളരെയൊന്നും സമയമെടുക്കാതെ സഭ പാസാക്കിത്തരണമെന്നുഅപേക്ഷിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകളെ അവസാനിപ്പിക്കുകയാണ്.

ശ്രീ. കെ. മൊയ്തീൻ കുട്ടി ഹാജി: സർ, ഈ ഭരണഘടന 384-ാം വകുപ്പിനും പാർലമെന്റിന്റെ ഇരുസഭകളും പാസാക്കിയ ഭേദഗതി ഒരു

LIBRARY ARCHIVES Kerala Legislative Assembly

പ്രമേയരൂപേണ സംസ്ഥാന നിയമസഭകളും അംഗീകരിക്കേണ്ടതു് ഇതു് നടപ്പിൽ വരുത്തിയതിനുള്ള വിഷമം തീർക്കുന്നതിനു വേണ്ടിയാണു്. കേരളത്തിൽ ഈ നിയമസഭ പാസാക്കിയാൽ ഇതു് ഏറെക്കുറെ ഒൻപതാമത്തെ സംസ്ഥാനമായിരിക്കും. അങ്ങനെ 20 കൊല്ലമെന്നുള്ളതു് 30 കൊല്ലമായി ഭേദഗതി ചെയ്തിട്ടുള്ള ഈ ഭരണഘടനാ ഭേദഗതി അംഗീകരിക്കുന്ന ഒൻപതാമത്തെ സംസ്ഥാനമാണു് ഇതു്. അങ്ങനെ വന്നാൽ മാത്രമേ ഈ ഭേദഗതിക്കു് നിലനിൽപ്പു് ഉണ്ടാവുകയുള്ളൂ. ഇതു് അവതരിപ്പിച്ചുകൊണ്ടു് ബഹുമാനപ്പെട്ട ആഭ്യന്തര കാര്യമന്ത്രി ഇവിടെ പറഞ്ഞ കാര്യങ്ങളും ശരിയാണു്. ഹരിജനോദ്ധാരണം വാസ്തവത്തിൽ സ്വാതന്ത്ര്യസമരത്തോടൊപ്പം തന്നെ നിലവിൽ വന്നിട്ടുള്ള ഒരു പ്രസ്ഥാനമാണു്. ഈ രംഗത്തേക്കു് നാളിതുവരെ ചെലവഴിച്ചിട്ടുള്ള സംഖ്യ നോക്കിയാൽ ഈ സമുദായത്തിനു് അതിന്റെ ഏതെങ്കിലും ഒരു അംശത്തിന്റെയെങ്കിലും നേട്ടം കിട്ടിയിട്ടുണ്ടോ എന്നുള്ള കാര്യം വളരെ സംശയമാണു്. സർ, ഏതായാലും ഈ വിഭാഗം ഉന്നതി പ്രാപിക്കാൻ കേന്ദ്രസർക്കാരിന്റേതായാലും കൊള്ളാം, സംസ്ഥാന ഗവൺമെന്റിന്റേതായാലും കൊള്ളാം ആത്മാർത്ഥമായ ആഗ്രഹം സഫലീകരിച്ചിട്ടില്ല കഴിഞ്ഞ 20 കൊല്ലക്കാലം കൊണ്ടും എന്നുള്ളതു് വളരെ വ്യക്തമാണു്. അതുകൊണ്ടാണല്ലോ ഇനിയും ഒരു പത്തുകൊല്ലത്തേക്കുകൂടി ഇതു തീർക്കാൻ ഉദ്ദേശിച്ചതു്. ഈ അവസരത്തിൽ ഈ ബില്ലു് പാർലമെന്റിന്റെ ഇരു സഭകളും പാസാക്കിയതിനു് ഈ നിയമസഭ അഭിനന്ദിക്കുകയും അതു നടപ്പാക്കാനുള്ള എല്ലാ പരിപാടികളിലും പങ്കാളികളാകാൻ തയാറാണെന്നും ഹരിജനോദ്ധാരണത്തിനുവേണ്ടി ഈ നാട്ടിൽ ചെലവഴിക്കുന്ന പണം അവർക്കുതന്നെ ലഭിക്കത്തക്ക വണ്ണം ഈ സംസ്ഥാന ഗവൺമെന്റു് മുന്നോട്ടുപോകുമെന്നും കേന്ദ്രത്തെ ഓർമ്മപ്പെടുത്താൻ നാം തയ്യാറാകണം. ഈ പ്രമേയം കൊണ്ടു് ഉദ്ദേശിക്കുന്നതു് അതാണു്. എല്ലാ ഭാഗത്തുനിന്നും അതിനെ സ്വാഗതം ചെയ്യും എന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ടി. കെ. കൃഷ്ണൻ: സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. ഭരണഘടനയിൽ മാറ്റം വരുത്തണമെന്നു പറയുമ്പോൾ നെറ്റി ചുളിക്കാറുള്ള ആളുകളിൽനിന്നും ഭരണഘടനയിൽ മാറ്റം വരുത്തേണ്ടതായിവരുന്നു എന്നുള്ള ഒരു അഭിപ്രായം ഉണ്ടായതു് ഇരുത്തിചിന്തിപ്പിക്കുന്ന കാര്യമാണു്. ഭരണഘടന പരിപാവനമാണെന്നും അതിൽ തൊടാൻ പാടില്ലെന്നും അതിൽ മാറ്റം വരുത്തണമെന്നു് പറഞ്ഞാൽ അതു് വിപ്ലവത്തിനുള്ള ആഹ്വാനമാണെന്നും വ്യാഖ്യാനിക്കുന്ന മാന്യന്മാരിൽനിന്നും ഇങ്ങനെയൊരു പ്രമേയം വന്നതു് വിധിവൈപരീത്യമാണു്. ഇവിടെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനുള്ള കാര്യങ്ങളും നമ്മുടെ ഭരണഘടനാ ശിൽപ്പികളും ഒരു ഹ്രസ്വമായ വീക്ഷണം ഉണ്ടാക്കിയതിന്റെ ഫലമായാണു് 20 കൊല്ലംകൊണ്ടു് പട്ടികജാതിക്കാരുടെ അവശതകളും തീരുമെന്നു് അവർ നിശ്ചയിച്ചതു്. സർ, ഇവിടെ പട്ടികജാതിക്കാരുടെ അവശതകളും യുഗങ്ങളായി നില നിൽക്കുകയാണു്. ഹിന്ദു സമുദായത്തിന്റെ ചില പ്രത്യേക തത്വശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ വളരെ മ്ലേശ്ചൻമാരായി കരുതപ്പെട്ടിരുന്നു. അങ്ങനെ അവശതയും അനവധി വൈഷമ്യങ്ങളും സഹിച്ചു വന്നിരുന്ന ആ ജനവിഭാഗത്തിനു് യുഗങ്ങളായി മൃഗങ്ങളെക്കാളും നീചമായ രീതിയിൽ കഴിയേണ്ടിവന്നതു് 20 കൊല്ലം കൊണ്ടു് എല്ലാ വൈഷമ്യങ്ങളും തീരുമെന്നു് നമ്മുടെ ഭരണഘടനാ ശിൽപികളും ചിന്തിച്ചിട്ടുണ്ടെങ്കിൽ അവരുടെ അതിരുകവിഞ്ഞ ശുഭാപ്തി വിശ്വാസത്തെക്കുറിച്ചു് എനിക്കൊന്നും പറയാനില്ല. ഇവിടെ 10 കൊല്ലം കൂടിയാണു് റിസർവ്വേഷൻ വച്ചിട്ടുള്ളതു്. അതു് തീരെ അപര്യാപ്തമാണു്. 20 കൊല്ലം കൊണ്ടു് തീരുമെന്നു് വിശ്വസിച്ചിരുന്നതു് തീരാത്തതുകൊണ്ടാണു് ഇപ്പോൾ 10 കൊല്ലം കൂടി നീട്ടാൻ ഉദ്ദേശിക്കുന്നതു്. ഇനി 10 കൊല്ലം കൂടി കഴിയുമ്പോൾ ഒരു ഭരണഘടനാ ഭേദഗതിയോ ചിലപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

വേറേവല്ല മാറ്റങ്ങളോ വേണ്ടിവരാം. അതുകൊണ്ട് ഈ 10 കൊല്ലം അപര്യാപ്തമാണ്. അതുകൊണ്ട് ഒരു കാലഅളവിലേക്ക് ഈ റിസർവ്വേഷൻ നീട്ടിക്കൊടുക്കേണ്ടതാണ്. കാരണം യുഗങ്ങളായി അവർ അവശത അനുഭവിക്കുകയാണ്. ഇവിടെ കറുത്ത ജാതിക്കാർക്ക് റോഡിൽക്കൂടി നടക്കാൻ പാടില്ല. അവർക്ക് സ്കൂളിൽ പ്രവേശനം ഉണ്ടായിരുന്നില്ല. എല്ലാ മാർഗ്ഗങ്ങളിൽ നിന്നും അവരെ ആട്ടിയോടിച്ചിരുന്നു. അങ്ങനെയുള്ള വിഭാഗത്തിന്റെ അവശതകൾ 20 കൊല്ലം കൊണ്ട് തീരുമെന്ന് വിശ്വസിച്ചവരും വിശ്വസിപ്പിച്ചവരും ഇത്തമാത്രം പ്രയാസമായ വീക്ഷണം ഉള്ളവരാണോ എന്ന് ഞാൻ ആലോചിച്ച് പോയിട്ടുണ്ട്. അതുകൊണ്ട് തീർച്ചയായും ഈ 10 കൊല്ലം അപര്യാപ്തമാണ്. അത് ഒരു 50 കൊല്ലം വേണമെന്നാണ് എന്റെ അഭിപ്രായം. എങ്കിൽ മാത്രമേ അവരുടെ അവശതകൾ തീരുകയുള്ളു.

ശ്രീ. കെ. കരുണാകരൻ: സർ, ഞാൻ ഈ പ്രമേയത്തെ സർവ്വാത്മനാ പിന്താങ്ങുന്നു. നമ്മുടെ രാജ്യത്ത് ഉള്ള ഹരിജനങ്ങളുടെ ഉദ്ധാരണത്തിനു വേണ്ടി തന്റെ ജീവിതകാലമത്രയും പ്രവർത്തിച്ച രാഷ്ട്രപിതാവിന്റെ അഭിലാഷം ഇനിയും നിറവേറ്റപ്പെട്ടിട്ടില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഹരിജനങ്ങളുടെ ഉന്നമനത്തിനു വേണ്ടി, അവരുടെ താൽപര്യങ്ങളും അവകാശങ്ങളും പരിരക്ഷിക്കുന്നതിനു വേണ്ടി ഇൻഡ്യാ ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും താൽപര്യപൂർവ്വം പ്രവർത്തിക്കുന്നു എന്നുള്ളത് ഒരു സത്യമാണ്. എന്നാൽ ഗവൺമെന്റ് നിയമം മൂലവും മറ്റു തരത്തിലും പ്രവർത്തിക്കാൻ എത്ര തന്നെ ശ്രമിച്ചാലും അതിന്റെ യഥാർത്ഥ അനുഭവം ഉണ്ടാകണമെങ്കിൽ ജനങ്ങളുടെ ചിന്താഗതികളുമായി യോജിച്ചുപോകേണ്ടതാണ്. ഈ പരിഷ്കൃതയുഗത്തിൽ ഇന്നും നമ്മുടെ രാജ്യത്ത് ഹരിജനങ്ങൾക്ക് സ്വതന്ത്രമായി നടക്കാൻപോലും സാധ്യമല്ലാത്ത സാഹചര്യമുണ്ടെന്നുള്ളത് പലപ്പോഴും പലപ്പോഴും പത്ര റിപ്പോർട്ടുകളിൽനിന്ന് നമുക്ക് കാണാൻ കഴിയുന്നുണ്ട്. ഭാഗ്യവശാൽ നമ്മുടെ സംസ്ഥാനം കുറച്ചു മുമ്പോട്ടുപോയിട്ടുണ്ടെന്നുള്ളത് നമുക്കഭിമാനിക്കാവുന്ന ഒരു കാര്യമാണ്. എങ്കിൽത്തന്നെയും ഇന്നും ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം അവർക്കു കിട്ടേണ്ടതായ ന്യായമായ അനുകൂല്യങ്ങളും കിട്ടുന്നില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഉദ്യോഗങ്ങളിൽ അവർക്ക് റിസർവേഷൻ അനുവദിച്ചിട്ടുണ്ട്. പലപ്പോഴും ആ അനുവദിച്ച റിസർവേഷൻ പോലും കൊടുക്കാതിരിക്കാൻ തന്ത്രപൂർവ്വം പ്രവർത്തിക്കുന്ന സവർണ്ണ മേധാവിത്വം ഇന്നും നമ്മുടെ സ്റ്റേറ്റിൽ ഉള്ളത് ഖേദകരമായ ഒരു കാര്യമാണ്. ആ സ്ഥിതിവിശേഷം മാറിയെടുക്കുന്നതിനു വേണ്ടി എല്ലാ വിഭാഗത്തിലുമുള്ള ആളുകളും അത്തരം നടപടി സ്വീകരിക്കുന്ന ആളുകളെ സമൂഹത്തിന്റെ ശത്രുക്കളായി കണക്കാക്കുകയും അവരെ സമൂഹത്തിൽ നിന്ന് ബഹിഷ്കരിക്കുകയും ചെയ്യണമെന്നുള്ള ഒരഭിപ്രായമാണ് എനിക്കുള്ളത്. സർ, ഇന്നലെ എന്നെ വളരെയധികം വേദനിപ്പിച്ച ഒരു സംഭവമുണ്ടായി. ഇവിടത്തെ മ്യൂസിക് കോളേജിൽ 33 അദ്ധ്യാപകൻമാർ ഉണ്ട്. അതിൽ ഒരൊറ്റ ഹരിജൻ പോലുമില്ല. എന്നാൽ അതേ അവസരത്തിൽ സംഗീതഭൂഷണവും വിദ്വാൻ പരീക്ഷയും പാസായി ഇൻഡ്യാ ഗവൺമെന്റിന്റെ അവാർഡും വാങ്ങിയ ഒരു ഹരിജൻ ഒരു എൽ.പി. സ്കൂളിൽ ടീച്ചറായി കഴിയുകയാണ്. ഈ 33 അദ്ധ്യാപകൻമാരിൽ റിസർവേഷൻ അനുസരിച്ച് ഒരു ഹരിജനെ കിട്ടാൻ അർഹതയുണ്ട്. സർ, മൂന്നോ നാലോ വേക്കൻസി വന്നാൽ രണ്ടെണ്ണം മാത്രം റിക്കൂട്ട് ചെയ്യും. ബാക്കി രണ്ടെണ്ണം എംപ്ലോയ്മെന്റിൽ നിന്നും എടുക്കും. അങ്ങനെയാകുമ്പോൾ റിസർവേഷനുള്ള ഹരിജൻ എങ്ങനെയാണു കിട്ടുക? ഇതെല്ലാം വലിയ ആളുകളുടേതാണെന്നുള്ള കുത്തക മനഃസ്ഥിതി വച്ചുകൊണ്ടാണോ ഇങ്ങനെ ചെയ്യുന്നതെന്ന് എനിക്കറിയുകയില്ല. ഉദ്യോഗരംഗങ്ങളിലും മറ്റു പല രംഗങ്ങളിലും ഉള്ള ദുഷിച്ച സ്ഥിതിവിശേഷം ഒരു നിമിഷം നേരത്തേ അവ

LIBRARY ARCHIVES Kerala Legislative Assembly

സാനിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് എല്ലാ നടപടികളും സ്വീകരിക്കുകയും സമൂഹത്തിന്റെ ഭാഗത്തുനിന്നും ചെയ്യേണ്ടതു ചെയ്യിപ്പിക്കുകയും വേണം. ഈ അവസരത്തിൽ 10 കൊല്ലം നീട്ടിക്കൊടുക്കേണ്ടത് ഭരണഘടനാപരമായ നടപടിയാണ്. എത്രകൊല്ലം നീട്ടികൊടുത്താലും അത് സൗഹാർദ്ദപരമായ നടപടിയാണ്. ഈ നടപടിക്ക് പകുതി സ്റ്റേറ്റുകളുടെ അംഗീകാരം വേണമെന്നുള്ളതിൽ നാം മുന്നിട്ടു നിൽക്കുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: സർ, ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രി അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ: രണ്ടു മിനിട്ടുകൊണ്ട് പറഞ്ഞു നിറുത്തണം.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: ഈ അവസരത്തിൽ ഈ പ്രമേയത്തെ അനുകൂലിച്ചു രണ്ടു വാക്ക് പറയുന്നത്, ഉചിതമായിരിക്കുമെന്ന് ഞാൻ വിചാരിക്കുകയാണ്. സർ, നമ്മുടെ രാജ്യത്തിൽ സ്വാതന്ത്ര്യത്തിനു വേണ്ടി സ്വാതന്ത്ര്യ പ്രക്ഷോഭണം നടക്കുന്ന കാലത്ത് ഹരിജനങ്ങൾക്ക് അസ്പൃശ്യരായി അകറ്റി നിറുത്തിയിരുന്ന ആളുകൾക്ക് വേണ്ടി സ്വാതന്ത്ര്യ പ്രക്ഷോഭണ കാലത്ത് ഉള്ള പരിപാടികളിൽ എന്തു പങ്കു വഹിച്ചിട്ടുണ്ടെന്ന ബ്രിട്ടീഷുകാരന്റെ ഒരു ചോദ്യം ഉണ്ടായിരുന്നതായാണ് ഞാൻ ഓർമ്മിക്കുന്നത്. 3—ാം വട്ടമേശ സമ്മേളനത്തിനു ശേഷമാണ് മഹാത്മാ ഗാന്ധി ആ സ്വാതന്ത്ര്യ പ്രക്ഷോഭണ പരിപാടിയിൽ തന്റെ ഹരിജനോദ്ധാരണ പ്രവർത്തനം ഉൾക്കൊള്ളിച്ചു പ്രവർത്തിച്ചു വന്നത്. ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയിട്ട് 22 വർഷവും കഴിഞ്ഞു. ഭരണഘടനാ ശിൽപിയായിരുന്ന ഡോക്ടർ അംബദ്കർ ഈ സംസ്ഥാനത്തെ ഹരിജൻ വിഭാഗങ്ങളുടെ ഉദ്ധാരണത്തിനുവേണ്ടി ഭരണഘടനയിൽ ചില വ്യവസ്ഥകളെല്ലാം ചെയ്തിട്ടുണ്ട്. അത് പത്തു കൊല്ലക്കേത്തായിരുന്നു. പത്തു കൊല്ലം കഴിഞ്ഞ് ഒരു അവലോകനം നടത്തി. ഹരിജനോദ്ധാരണ പ്രവർത്തനം ഇൻഡ്യയിലാകമാനം ഒരവലോകനം നടത്തിയിട്ട് അവരുടെ ഉദ്ധാരണത്തിന് ആവശ്യമായ നടപടികളും കാര്യങ്ങളും ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിരുന്നത് അനുസരിച്ച് ഉണ്ടായിട്ടില്ലെന്നുള്ളത് മനസിലാക്കിക്കൊണ്ട് വീണ്ടും ഒരു പത്തു കൊല്ലത്തേക്കു കൂടി നീട്ടി. അങ്ങനെ 20 കൊല്ലം കഴിഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കരുണാകരൻ പറഞ്ഞതുപോലെ ഇന്നിപ്പോൾ 30 കൊല്ലമായി നീട്ടിയിരിക്കുകയാണ്. ഒരു കാലത്ത് ഹരിജനങ്ങൾ ഉഴാനും നടാനും കറ കൊയ്യാനുമുള്ള കന്നുകാലി മാടുകളായി വ്യാഖ്യാനിച്ചിരുന്നെങ്കിലും ഇന്നാ ഹരിജനോദ്ധാരണ പ്രവർത്തനം എല്ലാ സ്റ്റേറ്റുകളിലും, പ്രത്യേകിച്ച് കേരളത്തിൽ കാര്യക്ഷമമായി നടക്കുന്നില്ലെന്നുള്ളതാണ് ശരി. സർ, ഇവിടെ സർവ്വീസിനെ സംബന്ധിച്ചു പറഞ്ഞു. പ്രധാനമായും അവർക്ക് കെട്ടിടമുണ്ടാക്കിക്കൊടുക്കുകയും വിദ്യാഭ്യാസം നൽകുകയും അതിനു ശേഷം തൊഴിൽ കൊടുക്കുകയും ഉദ്യോഗം കൊടുത്താൽ അർഹമായ പ്രമോഷൻ കൊടുക്കുകയും ചെയ്യുന്നുണ്ട്. ഇന്നു നമ്മുടെ സംസ്ഥാനത്ത് സർവ്വീസിൽ സവർണ്ണമേധാവിത്വം നിലനിൽക്കുകയാണ്. 50 ശതമാനം പബ്ലിക്ക് സർവ്വീസ് കമ്മീഷനും 50 ശതമാനം സർവ്വീസ് റൂൾസും അനുസരിച്ചാണ് ഇന്ന് നിയമനം നടത്തുന്നത്. അതിൽ നാലാമത്തേത് ഹരിജനു നീക്കി വച്ചിരിക്കുകയാണ്. ഇക്കാര്യം സ്റ്റേറ്റ് അഡ്വൈസറി ബോർഡും തീരുമാനിച്ചിട്ടുണ്ട്. എങ്കിലും ഇതുവരെ അതു നടപ്പിലാക്കിയിട്ടില്ല. ഏറ്റവും കൂടുതൽ അഭ്യസ്ഥവിദ്യരായ ഹരിജനങ്ങളുള്ളത് കേരളത്തിലാണ്. അവർക്ക് ഇനിയും ഒരു പത്തു കൊല്ലം കൂടി റിസർവേഷൻ നീട്ടിക്കൊടുക്കുന്നതിനുള്ള കേന്ദ്രഗവൺമെന്റിന്റെ തീരുമാനം അപര്യാപ്തമാണെങ്കിലും പിന്നെയും ഇതു നീട്ടിക്കൊടുക്കേണ്ടതായി വരുമെന്നാണ് കാണാൻ കഴിയുന്നത്. കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമല്ല. ഇൻഡ്യയുടെ ഇതര സംസ്ഥാനങ്ങളിലുള്ള സാമൂഹ്യ സാമ്പത്തികസ്ഥിതി വച്ചു നോക്കുകയാണെങ്കിൽ ഇനിയും ഇതു നീട്ടികൊടുക്കേണ്ടതായി വരും. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ ഹരിജനോദ്ധാരണപ്രവർത്തനം കുറച്ച് ഉദാരമാക്കുന്നതിനു വേണ്ടി എല്ലാ രാഷ്ട്രീയ കക്ഷികളും ഗവൺമെൻറും മുന്നോട്ടു വരികയും ഇന്നു സർവ്വീസിലിരിക്കുന്ന ദാസമത്വങ്ങളെ അടിച്ചുടച്ച് അതിനെ ശരിയായ നിലയിൽ കൊണ്ടുവന്ന് ഹരിജനങ്ങൾക്ക് പ്രാധാന്യം കല്പിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. കെ. രാഘവൻ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. 1960 ആകുമ്പോഴേക്ക് ഹരിജനങ്ങളുടെ അവശതകളെല്ലാം തീരുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും അപ്പോഴേക്ക് പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞില്ലെന്നുള്ളതുകൊണ്ടാണ് അത് 1970 വരെ നീട്ടിയത്. 197()-ൽ പരിശോധിക്കുന്ന ഘട്ടത്തിൽ ഇനിയും അവശേഷിക്കുന്ന പ്രശ്നങ്ങൾ വളരെയധികം ഉണ്ടെന്ന് കണ്ടതുകൊണ്ടാണ് 10 കൊല്ലം കൂടി നീട്ടാൻ കേന്ദ്രഗവൺമെൻറ് തീരുമാനിക്കുന്നത്. എനിക്കു മുൻപ് സംസാരിച്ച ചില സുഹൃത്തുക്കൾ പറഞ്ഞതുപോലെ വർഷങ്ങളുടെ അളവ് ദീർഘിപ്പിക്കുന്നതുകൊണ്ട് പ്രശ്നം പരിഹൃതമാകുമെന്ന് വിശ്വസിക്കുന്ന ആളല്ല ഞാൻ. കഴിഞ്ഞ 20 വർഷത്തിനുള്ളിൽ ഇൻഡ്യയിലാകമാനം ഗവൺമെൻറ് കണക്കനുസരിച്ചുള്ള പതിനെട്ടരക്കോടി വരുന്ന ഹരിജനങ്ങൾക്ക് ഗവൺമെൻറ് സൗകര്യം മാത്രം സഹായകമായിരുന്നില്ലെന്നുള്ളതല്ലേ നേര്? ഇനി പത്തു കൊല്ലം കൂടി വർദ്ധിപ്പിക്കുന്നതുകൊണ്ട് ഹരിജനങ്ങളുടെ പ്രശ്നങ്ങൾ തീരുമോ? ഇന്നലെ സ്വീകരിച്ച നയങ്ങളും പരിപാടികളുമാണ് ഇനിയും സ്വീകരിക്കാൻ പോകുന്നതെങ്കിൽ തീർച്ചയായിട്ടും ഇനിയും ഒരു നൂറു കൊല്ലം കൂടി വർദ്ധിപ്പിച്ചു കൊടുത്താലും പ്രശ്നം പരിഹൃതമാകാൻ പോകുന്നില്ല. സർ, ഈ പത്തു കൊല്ലത്തിലല്ല പ്രാധാന്യം. പത്തു വർഷത്തിനുള്ളിൽ, ഭാരതത്തിലെ ഹരിജനങ്ങളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഫലപ്രദമായ മാർഗ്ഗങ്ങളുപയോഗിക്കുന്നതിനു വേണ്ടിയാണ് നാം സ്വാധീനം ചെലുത്തേണ്ടത്. സാമ്പത്തിക മേഖലയിലാകട്ടേ, സാംസ്കാരിക മേഖലയിലാകട്ടേ സാമൂഹ്യരംഗത്തെ അധഃസ്ഥിത മേഖലയിലാകട്ടേ ഈ സംസ്ഥാനത്തെ ഗൗരവമായ കാര്യങ്ങൾ പരിഹരിക്കാൻ ശ്രമിക്കുക എന്നുള്ളതാണ് കേന്ദ്രഗവൺമെൻറും സംസ്ഥാന ഗവൺമെൻറുകളും സ്വീകരിക്കേണ്ട മാർഗ്ഗം. ഈ പത്തു വർഷക്കാലം ഇൻഡ്യയിലാകെയുള്ള ഹരിജനങ്ങളുടെ പൊതുവായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി വിനിയോഗിക്കണമെന്ന കാര്യം സംസ്ഥാന ഗവൺമെൻറ് പ്രമേയം പാസാക്കുമ്പോൾ പരിഗണിക്കണമെന്നും അതിനു വേണ്ടി നടപടി സ്വീകരിക്കാൻ കേന്ദ്രത്തോടഭ്യർത്ഥിക്കുകയും ചെയ്യണമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. ചടയൻ: ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. സർ, മഹാത്മജി വിഭാവനം ചെയ്ത ഹരിജനോദ്ധാരണം നടപ്പിൽ വരുത്തുക എന്നത് 22 കൊല്ലമായിട്ടും വിജയിച്ചിട്ടില്ല എന്നുള്ള കാരണത്താലാണ് സ്റ്റേറ്റിലുള്ള ഹരിജനസംഘടനകളും മെമ്മോറാണ്ടങ്ങളും മുഖേനയും പ്രമേയങ്ങളും മുഖേനയും ആവശ്യപ്പെട്ടിട്ടുള്ളത്. പത്തു കൊല്ലം കൂടി ഭരണഘടനാപ്രകാരം നീട്ടിക്കിട്ടണമെന്നാവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സർ, ഹരിജനോദ്ധാരണം എന്തുകൊണ്ട് വിജയിച്ചില്ല എന്ന് നാം ചിന്തിക്കണം. പൊതുജനങ്ങളും ഗവൺമെൻറുദ്യോഗസ്ഥൻമാരും സഹകരിച്ചെങ്കിലേ ഇതു വിജയിക്കുകയുള്ളൂ. ആ സഹകരണമുണ്ടായിരുന്നെങ്കിൽ ഈ 22 കൊല്ലംകൊണ്ട് ഹരിജനോദ്ധാരണം വിജയിക്കുമായിരുന്നു. പക്ഷേ ഇപ്പോഴും ഹരിജനങ്ങൾ ഹരിജനങ്ങളായി

LIBRARY ARCHIVES Kerala Legislative Assembly

ത്തന്നെയാണ് ജീവിക്കുന്നത്. "ഹരിജൻ മന്ത്രി" 'ഹരിജൻ എം. എൽ. എ.' എന്നൊക്കെയാണ് ഇപ്പോഴുമുള്ള പേര്. ഹരിജനങ്ങളെ എന്ന നാമം ഇതുവരെ വിട്ടുപോയിട്ടില്ല. ഹരിജനങ്ങൾക്ക് പല അവശതകളും ഉണ്ട്. അയിത്തോച്ചാടനക്കമ്മിറ്റികളും മറ്റും കേന്ദ്രഗവൺമെന്റ് പാസ്സാക്കിയിട്ടുണ്ടെങ്കിൽക്കൂടി അത് വിജയിപ്പിക്കാൻ സാധിച്ചിട്ടില്ല. ഇന്നു നാനാഭാഗങ്ങളിലും കേരളത്തിൽ അയിത്തം നിലിവിലുള്ളതായി പത്ര റിപ്പോർട്ടുകളിൽ നിന്ന് എല്ലാവർക്കു മറിയാം. കാസർകോടു ഭാഗങ്ങളിൽ ചിരട്ടയിൽ ഹരിജനങ്ങൾക്കു ചായ കൊടുക്കുന്നുണ്ട്. അതുകൊണ്ടാണ് 10 കൊല്ലംകൂടി റിസർവേഷൻ നീട്ടണമെന്നു പറയുന്നത്. അല്ലെങ്കിൽ പാർലമെന്റിലോ അസംബ്ലിയിലോ ഒരൊറ്റ സീറ്റുപോലും കിട്ടുകയില്ലെന്നുള്ള പരമാർത്ഥം കണക്കിലെടുത്തുകൊണ്ട് കേന്ദ്രഗവൺമെന്റ് 10 കൊല്ലത്തേക്കുകൂടി റിസർവേഷൻ തുടരുമെന്നു തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ വിജയം കിടക്കുന്നത്—ഹരിജനങ്ങൾക്കുള്ള നിയമനങ്ങളും റിസർവേഷനും പ്രമോഷനും ഒന്നും വേണ്ടപോലെ, 22 കൊല്ലമായിട്ടും കിട്ടിയിട്ടില്ലെന്ന അഭിപ്രായം ഉണ്ട്. അതുകൊണ്ട് ഹരിജനങ്ങളുടെ നിയമനക്കാര്യത്തിലുള്ള അവശതകൾ പരിഹരിക്കുന്നതിനുവേണ്ടി ഒരു സെൽ ഉണ്ടാക്കിയിട്ടുണ്ടെന്നു കേട്ടതിൽ ഞാൻ ഈ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. അതുപോലെ, ഐ. എ. എസ്. ആഫീസർമാരെ റെക്കമെൻറുചെയ്യുന്ന കാര്യത്തിൽ ഒന്നും ഉണ്ടായിട്ടില്ല. പതിനായിരക്കണക്കിൽ ഐ. എ. എസ്സുകാരുള്ളതിൽ ഒരൊറ്റ ഹരിജനേ കാണുകയുള്ളു. അതുകൊണ്ട് ഈ ഗവൺമെന്റ് ഹരിജനങ്ങളെ റെക്കമെൻറു ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. ഹരിജനങ്ങളുടെ അവശതകൾ പരിഹരിച്ചു എന്നു പറയാൻ നമുക്കു സാധിക്കുകയില്ല. ഇപ്പോഴും ഹരിജനങ്ങൾ ഹരിജനങ്ങളായിട്ടാണ് ജീവിക്കുന്നത്. പൊതുജനങ്ങളുടെയും ഗവൺമെന്റിന്റെയും ഉദ്യോഗസ്ഥൻമാരുടെയും സഹകരണമുണ്ടെങ്കിൽ മാത്രമേ ഹരിജനങ്ങളുടെ അവശതകൾ പരിഹരിക്കാൻ സാധിക്കുകയുള്ളു; അല്ലെങ്കിൽ സാധിക്കുകയില്ല എന്നുംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: സർ, പാർലമെന്റിലെ ഇരുസഭകളും പാസാക്കിയിട്ടുള്ള ഭരണഘടനയുടെ 23—ാം ഭേദഗതി ഏറ്റവും സമുചിതവും സ്വാഗതാർഹവുമാണ്. അതനുസരിച്ച് 10 കൊല്ലത്തേക്കുകൂടി ഹരിജനങ്ങൾക്കുള്ള പ്രത്യേകാനുകൂല്യങ്ങൾ നീട്ടിക്കൊടുത്തിട്ടുണ്ട്. ഇതു വിജയകരമായിത്തീരട്ടെ എന്നു ഞാൻ ആശംസിക്കുകയാണ്. പക്ഷേ ഈ ഭേദഗതി ഇങ്ങനെ പാസാക്കുന്നതിൽ ഒരു സംഗതി വെളിവാകുന്നത്, ദീർഘകാലമായി നിലനിൽക്കുന്ന സാമുദായിക ഉച്ചനീചത്വങ്ങൾ നിർമാർജ്ജനം ചെയ്യാൻ വളരെ പ്രയാസമാണെന്നും വളരെ ബുദ്ധിമുട്ടു കൂടാതെ അവ മാറ്റാൻ സാധിക്കുകയില്ലെന്നും ഉള്ള സംഗതിയാണ്. ഇൻഡ്യയിലൊട്ടാകെ, പ്രത്യേകിച്ചു നമ്മുടെ സംസ്ഥാനത്ത് കുറച്ച് മുന്നേറിയിട്ടുണ്ടെങ്കിലും പ്രവർത്തിച്ചിട്ടുണ്ടെങ്കിലും ഇന്നും ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നും തൊട്ടുകൂടായ്മയും പൊതുസ്ഥലങ്ങളിൽ പോകാനുള്ള സൗകര്യക്കുറവും അനുഭവപ്പെടുന്നു എന്നുള്ളതുകൊണ്ട്, നിയമം കൊണ്ടുമാത്രമല്ല, സാമൂഹ്യമായ പ്രത്യേകപ്രവർത്തനങ്ങൾകൂടി സംഘടിപ്പിച്ചാൽ മാത്രമേ പൂർണ്ണമായും നടപ്പാകുകയുള്ളു എന്ന സ്ഥിതിവിശേഷമുള്ളതു നാം അംഗീകരിക്കേണ്ടതാണ്. അമേരിക്കൻ സംസ്ഥാനങ്ങളിലുള്ള കറുത്ത വർഗ്ഗക്കാർ ഇതിനേക്കാൾ ഭയങ്കരമായ അടിമത്തത്തിൽ നിന്ന്, നിയമങ്ങളും പ്രവർത്തനങ്ങളും മുഖേന നമ്മുടെ ഉയർച്ചയേക്കാൾ വളരെയധികം ഉയർച്ച നേടിക്കഴിഞ്ഞിരിക്കുകയാണ്. പ്രത്യേകിച്ച് ഉദ്യോഗത്തിന്റെ കാര്യങ്ങളിൽ. അമേരിക്കയിലെ സുപ്രീംകോടതിയിൽ ഒരു കറുത്ത വർഗ്ഗക്കാരനെ സുപ്രീം കോടതി ജഡ്ജിയായി നിയമിച്ചു എന്നറിയുന്നത് സന്തോഷകരമായ ഒരു

LIBRARY ARCHIVES Kerala Legislative Assembly

കാര്യമാണ്. ഈ മാതിരിയുള്ള പ്രവർത്തനങ്ങളും സംഘടിപ്പിച്ചതിന്റെ ഫലമായി കറുത്ത വർഗ്ഗക്കാർ വെള്ളക്കാരോടൊപ്പം ഉയർന്നതുപോലെ ഇവിടെയും ആ ഉയർച്ച ഉണ്ടാകണമെങ്കിൽ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം എത്ര തന്നെ ഉണ്ടായാലും സാമൂഹ്യമായ ഒരു ഉണർവുണ്ടാകുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും നാം സംഘടിപ്പിച്ചേ പറ്റൂ. സംഘടിപ്പിച്ചുകൊണ്ട് ആ രീതിയിൽ പ്രവർത്തിച്ചാൽ മാത്രമേ ഉച്ചനീചത്വങ്ങളും തീർത്ത് സാഹോദര്യം ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ.

പത്തു കൊല്ലക്കാലംകൊണ്ട് ഒരുപക്ഷേ ഇതു സാധിച്ചില്ലെന്നു വന്നേക്കാം. കഴിഞ്ഞകാലങ്ങളിലെ അനുഭവം വച്ചുകൊണ്ടു കുറേക്കൂടി ഇന്റെൻസീവായ പ്രവർത്തനം സംഘടിപ്പിക്കുകയും ഗവൺമെന്റുനിയമങ്ങളും കർശനമായി പാലിക്കുകയും പൊതുജനങ്ങളുടെ അഭിപ്രായം കൂടി സൃഷ്ടിച്ച് —പൊതുജനങ്ങളുടെ ഇടയിൽ അവർണ്ണരെന്നു പറയപ്പെടുന്നവരും സവർണ്ണരെന്നു പറയപ്പെടുന്നവരും ഒരേ രീതിയിൽ സഹകരിച്ചു മുന്നോട്ടു വരുന്നതിനുള്ള സാഹചര്യമുണ്ടാക്കി—പ്രവർത്തിക്കുകയാണെങ്കിൽ ഈ പത്തു കൊല്ലംകൊണ്ട് പുരോഗതി നേടാൻ സാധിക്കും. അപ്രകാരം ഒരു സ്ഥിതി വിശേഷം ഉണ്ടാക്കുന്നതിനും ഉണർവുണ്ടാക്കുന്നതിനും അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രവർത്തനത്തിൽ വിജയം ആശംസിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ. പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഒന്നുരണ്ടു കാര്യങ്ങളും സംസൂചിപ്പിക്കാനാണ് ഞാനാഗ്രഹിക്കുന്നത്.

പുനഃസംഘടന ആദ്യം ഉണ്ടാക്കിയ സന്ദർഭത്തിൽ വിഭാവനം ചെയ്തിരുന്നതു പത്തുകൊല്ലംകൊണ്ടു പട്ടികജാതി—പട്ടികവർഗ്ഗക്കാരുടെ പ്രയാസങ്ങൾക്കു പരിഹാരമുണ്ടാക്കാൻ കഴിയുമെന്നായിരുന്നു. പിന്നീടു പത്തു വർഷം നീട്ടി ഇപ്പോഴും പത്തുവർഷംകൂടി നീട്ടാൻ തീരുമാനിച്ചിരിക്കുകയാണ്. പ്രധാനമായി ഇതുകൊണ്ടുദ്ദേശിക്കുന്നതു പാർലമെന്റിലും അസംബ്ലിയിലും മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും റിസർവേഷൻ ഉണ്ടെന്നുള്ളതാണ് ഒരു ഭാഗം. മറ്റൊരുഭാഗത്ത് ഉദ്യോഗനിയമനങ്ങളിൽ റിസർവേഷൻ; പിന്നെ വിദ്യാഭ്യാസാനുകൂല്യങ്ങളും. ഇത്രയുമാണ് പ്രധാനമായിട്ടുള്ളത്. ഇരുപതു വർഷക്കാലമായിട്ടും നമ്മുടെ രാജ്യത്ത് ഏതെങ്കിലും നിയോജകമണ്ഡലത്തിൽ പട്ടികജാതി—പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാൾക്കു സ്വതന്ത്രമായി റിസർവേഷന്റെ ആനുകൂല്യമില്ലാതെ മൽസരിക്കാൻ കഴിയുന്ന സ്ഥിതി വിശേഷം വന്നിട്ടില്ല. വന്നിട്ടുണ്ടെങ്കിൽ വളരെ അപൂർവം ചില എക്സ്പഷൻസ് ആയിരിക്കും. നോമിനേറ്റു ചെയ്യപ്പെടുന്ന കൗൺസിൽ ഓഫ് സ്റ്റേറ്റസ് പോലുള്ള സഭകളിലേക്കുപോലും സാധാരണഗതിയിൽ റിസർവേഷനില്ലാതിരുന്നാൽ, പട്ടികജാതി——പട്ടികവർഗ്ഗത്തിൽപ്പെട്ടയാളെ ഒരു രാഷ്ട്രീയകക്ഷിക്കാരും നോമിനേറ്റുചെയ്തു വിട്ട സ്ഥിതിവിശേഷം ഈ രാജ്യത്ത് യാതൊരിടത്തും ഉണ്ടായിട്ടില്ല. ഇൻഡ്യയിലെങ്ങും ഉണ്ടായിട്ടില്ല. അതുപോലെ തന്നെയാണ് മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഒക്കെ. മറ്റുള്ള ആളുകളുമായി മൽസരിക്കത്തക്ക അവസ്ഥാവിശേഷം അവർക്കു വന്നിട്ടില്ല. റിസർവേഷൻ വച്ചിട്ടുണ്ടെങ്കിലും അവർക്ക് അതു ബോധപൂർവം കൊടുക്കാതിരിക്കുന്ന ഏർപ്പാടുണ്ട്. ഗസറ്റഡ് പോസ്റ്റുകളിലെ നിയമനം അവർക്കു കിട്ടാൻ പ്രയാസമുണ്ട്. പബ്ലിക് സർവീസ് കമ്മീഷന്റെ അടുക്കലേക്ക് ഒന്നോ രണ്ടോ മൂന്നോ പോസ്റ്റു മാത്രമേ ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റിലെ സവർണ്ണമേധാവിത്വം വഹിക്കുന്ന ആളുകൾ എഴുതി അയക്കുകയുള്ളൂ. അതിന്റെ ഫലമായി നോട്ടിഫൈ ചെയ്തു വരുമ്പോൾ റിസർവേഷന്റെ ആനുകൂല്യം കിട്ടുകയില്ല. അങ്ങനെ ഗസറ്റഡ് പോസ്റ്റ് കിട്ടാൻ പ്രയാസമുണ്ടാകുന്നതുകൊണ്ട്, പ്രത്യേക പോസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

കാരോ ഡിപ്പാർട്ടുമെൻറിലും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കു റിസർവ് ചെയ്തുകൊടുക്കണം.

അടുത്തകാലത്ത് വിദ്യാഭ്യാസം ചെയ്തുകഴിഞ്ഞു സർവീസിന്റെ താഴേക്കിടയിൽ കഴിയുന്ന ധാരാളമാളുകളുണ്ട്. അവർക്ക്, റിസർവേഷൻ ഏർപ്പാടുകൊണ്ടുമാത്രം ഉയർന്ന സ്ഥാനങ്ങളിൽ വരാൻ സാധ്യതയുണ്ടാകുകയില്ല. ഈ അവശത പരിഹരിക്കപ്പെടണമെങ്കിൽ ഡയറക്ററ് റിക്രൂട്ടുമെൻറ് എന്നുള്ള തത്വം സ്വീകരിച്ചേ സാധ്യമാകൂ. പത്തു കൊല്ലംകൊണ്ട് ഈ പ്രശ്നം പരിഹരിക്കപ്പെടുമോ? സംവരണംകൊണ്ടു നടപടി എടുത്താൽ മാത്രം ഈ പ്രശ്നങ്ങളും പരിഹരിക്കാൻ സാധിക്കുകയില്ല എന്നാണ് എനിക്കു പറയാനുള്ളത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളും ശക്തിയായി, പ്രക്ഷോഭണാത്മകമായി മുന്നോട്ടുവരികയും അവരുടെ അവകാശങ്ങളും സ്ഥാപിക്കാൻ കൂടുതൽ കൂടുതൽ ശക്തമായി മുന്നോട്ടു വരികയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷം ഈ രാജ്യത്തുണ്ടാകണം; അതുകൊണ്ട് ആ രീതിയിൽ അവർ മുന്നോട്ടു നീങ്ങണമെന്നു ഇവ്വയവസരത്തിൽ പറയാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. എം. എം. തോമസ്: സർ, 23-ാം ഭരണഘടനാഭേദഗതിയേയും അതിലടങ്ങിയിരിക്കുന്ന തത്വത്തെയും ഞാൻ സ്വാഗതം ചെയ്യുകയാണ്. അതോടൊപ്പം ഞാൻ, ഹരിജനങ്ങളിൽ ഒരു വിഭാഗത്തിന്റെ കാര്യം പ്രത്യേകം ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്. ഹരിജനങ്ങളും ക്രിസ്തുമതത്തിലേക്കു മതം മാറിയിട്ടുണ്ട്. വാവലിന്റെ സ്ഥിതിയാണവരുടേത്. സവർണ്ണ ക്രിസ്ത്യാനികളും അവരുടെ ഭാഗമായി അവരെ കരുതാതിരിക്കുകയും അതേസമയം സർക്കാർ ഹരിജനങ്ങളുടെ കൂട്ടത്തിൽ പെടുത്താതിരിക്കുകയും ചെയ്യുന്നതുകൊണ്ട് സാമ്പത്തികമായ പരാധീനതകളും വന്നുകൊണ്ടിരിക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. ബഹുമാനപ്പെട്ട മെമ്പർമാർക്കെല്ലാം അറിയാം 106 ദിവസം സമരം ചെയ്തതിന്റെ ഫലമായിട്ട് അവർക്ക് പല ആനുകൂല്യങ്ങളെല്ലാം അനുവദിച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ അവർക്കും ഹരിജനങ്ങളോടൊപ്പം പൂർണ്ണമായി അവകാശങ്ങളും കിട്ടണമെങ്കിൽ അവരെ ഭരണഘടനയുടെ ഷെഡ്യൂളിൽ പെടുത്തേണ്ടതു് അത്യാവശ്യമാണ്. പണ്ഡിറ്റിൽ ജനസംഘത്തിന്റെ നേതൃത്വത്തിലുണ്ടായിരുന്ന സർക്കാർ, അവശ്യക്രിസ്ത്യാനികളെയും പിന്നോക്ക സമുദായത്തിൽപ്പെട്ട ക്രിസ്ത്യാനികളെയും ഭരണഘടനയുടെ ഷെഡ്യൂളിൽ പെടുത്തണമെന്ന് കേന്ദ്രഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആ സ്ഥിതിക്കു ഈ ഗവൺമെൻറ് അടിയന്തിരമായി ഈ അവശക്രിസ്ത്യാനികളെയും ഭരണഘടനയുടെ ഷെഡ്യൂളിൽ പെടുത്തുന്നതിന് വേണ്ട റെക്കമെൻഡേഷൻ കേന്ദ്രഗവൺമെൻറിനു് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇത്രയും പറഞ്ഞുകൊണ്ട്, പ്രമേയത്തെ വീണ്ടും സ്വാഗതം ചെയ്തുകൊണ്ടു നിറുത്തുന്നു.

ശ്രീ. എൻ. ഗണപതി: സർ, ഇന്ത്യൻ ഭരണഘടനയുടെ ഇരുപത്തിമൂന്നാം ഭേദഗതിയെ ഞാൻ പൂർണ്ണമായും പിന്താങ്ങിക്കൊണ്ട് രണ്ടു വാക്കുകൾ പറയാൻ ആഗ്രഹിക്കുന്നു. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയിട്ട് 22 വർഷങ്ങൾ ആകുന്നു. ഇതുവരെയും ഹരിജനങ്ങൾ മുന്നേറ്റം അടയുകയില്ലേ. റിസർവേഷൻ വിഷയത്തെ എടുത്തുകൊണ്ടാൽ ഇന്നും ഒരു മുപ്പതു വർഷക്കാലം വേണ്ടിവരും. ഹരിജനങ്ങൾ ഹരിജനങ്ങളായിത്തന്നെ ഇരുക്കുന്നു. സത്യത്തിൽ പറഞ്ഞാൽ ഹരിജനങ്ങളെ അടിമകളായി നടത്തപ്പെട്ടു വരുന്നു. ഇതിൽ യാതൊരു അതിശയോക്തിയും ഇല്ല. ഇതു മാറ്റിക്കൊണ്ടുവരണമെങ്കിൽ എത്രനാളായാലും കാലം വേണ്ടിവരും. സർ, ഇന്നു 20 വർഷം റിസർവേഷൻ കൊടുത്തതു ഇന്നും ഒരു പത്തു വർഷങ്ങൾകൂടി നീട്ടണമെന്നു ഗവർമെൻറ് മുന്നോട്ടുവന്നിരിക്കുന്നതിനെ ഞാൻ പിന്താങ്ങുന്നു. മറ്റു എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റുകളെയുംവിട നമ്മുടെ കേരളം മുന്നണിയിൽ നിൽക്കുന്നു എന്നതു് പറയാതെ തന്നെ അറിയാവുന്ന വിഷയമാണു്. ഞാൻ ഇതെപ്പറ്റി കൂടുതൽ എടുത്തുപറയേണ്ട ആവശ്യമില്ലല്ലോ. ഡോക്ടർ അംബേദ്കർ ഹരിജനങ്ങളുടെ വേണ്ടി പോരാടിയും പല നിയമങ്ങൾ ചെയ്തും ഇന്നത്തെ ഉന്നതിയിലെത്തിച്ചു. അതുപോലെ നമ്മുടെ പിതാവായ മഹാത്മാജി ഇതിനുവേണ്ടി എത്രയോ നിയമങ്ങൾ കൈകൊണ്ടു ഇവർക്കുവേണ്ടി പല ഉന്നതികളും വാങ്ങിത്തന്നു. അതു മഹാത്മജി ഒരുപോലും ഹരിജനങ്ങൾ മറക്കുവാൻ പാടില്ലാത്ത വിഷയമാണു്. സർ, അടുത്തപടിയായി ഇവർക്കുവേണ്ടി ഉദ്യോഗവിഷയത്തിൽ റിസർവേഷൻ ഉണ്ടെന്നിരുന്നാലും പബ്ലിക് സർവീസ് നിയമനം വന്നാൽ അതുവും ശരിയായി നടക്കുന്നില്ല. റിസർവേഷൻ അല്ലാത്തവർക്കു് കൊണ്ടുപോവാർക്കു്. പബ്ലിക് സർവീസ് കമ്മീഷനിലും പെരിയ അന്തികൾ നടക്കുന്നുണ്ടു്. ഹരിജനങ്ങളുടെ ചാൻസ്വരുമ്പോൾ ഏതാവതു ഒരു സാക്കുപോക്കു് പറഞ്ഞു തട്ടിക്കളിച്ചു വിടുന്നുണ്ടു്.

സർ, പബ്ലിക് സർവീസ് കമ്മീഷൻ മെമ്പർക്കു മൂന്നു ഹരിജനങ്ങൾ ഇരുന്നിട്ടും റേഞ്ചർ സെലക്ഷനുവേണ്ടി ഒരുവരെയും സെലക്ട് ചെയ്തിട്ടില്ല. ഹരിജനങ്ങളെ പല വഴികളിലും പുറകണക്കാക്കപ്പെടുന്നു. ഇതു മാറ്റുവാൻ വഴിയുണ്ടാക്കേണ്ടതാണു്. നമ്മുടെ സ്പീക്കർ അവർകളുടെ തൊട്ടുതിയിൽപോലും ഹരിജനങ്ങളെ അടിച്ചുകൊല്ലുന്നതു് എല്ലാവർക്കും അറിയാവുന്ന വിഷയമാണു്. മേലും ഇന്നാട്ടിൽ ഇതുവരെയും തീണ്ടാമതിൽ ഒഴിയുന്നില്ല. ഇവർക്കുവേണ്ടി ആടുമാടുകളെപ്പോലെ നടത്തിവരുന്നുണ്ടു്. ഇതു കാണുമ്പോൾ വളരെ ദുഃഖകരമായി തോന്നുന്നു. ഇതുപോലെ എത്രയോ ഉദാഹരണങ്ങൾ എടുത്തുകാണിക്കാം. സമയക്കുറവുകൊണ്ടു് ചുരുക്കുന്നു. എന്റെ അഭിപ്രായം എന്നുവെച്ചാൽ 50 ശതമാനം പി. എസ്. സി.ക്കു വിട്ടുകൊടുത്തും മറ്റു 50 ശതമാനം ഡയറക്ട് റിക്രൂട്ട്മെന്റ് ഇവർക്കു് വേണ്ടുമെന്നു് അപേക്ഷിക്കുന്നു. ഏതോ ഒരു മെമ്പർ ഇന്നു സഭയിൽ പറഞ്ഞു് അമേരിക്കയിൽ കറുപ്പു മനുഷ്യനെ ഹൈക്കോർട്ട് ജഡ്ജിയായി നിയമനം ചെയ്തിട്ടുണ്ടു് എന്നു്. അതു നാം വരവേൽക്കുന്നു. അന്യനാടുകളിൽ അപ്പടിയിരുന്നിട്ടും നമ്മുടെ നാട്ടിൽ അതു കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടില്ല. സർ, ഇന്ത്യയിൽ 8½ കോടി ഹരിജനങ്ങൾ ഉണ്ടു്. ഇവർ വയലിൽ ഉഴുതു് എല്ലാവരെയും വളർത്തുന്നു. ഇവരെ താഴ്ത്തപ്പെട്ടവർ എന്നു വെക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു് ഈ സർക്കാർ അവരുടെ വിഷയത്തിൽ ഉള്ള കുറവുകൾ പോക്കുവാൻ ശ്രമിക്കേണ്ടതാണു്. അവർക്കുവേണ്ടി എല്ലാ നിയമങ്ങളും ചെയ്തു അവരുടെ കുറവുകൾ തീർക്കുവാൻ ഞാൻ ആവശ്യപ്പെടുന്നു. നമ്മുടെ മുഖ്യമന്ത്രി ഇതിൽ കൂടുതൽ ശ്രദ്ധ കാട്ടുമെന്നു പ്രതീക്ഷിച്ചുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ജലസേചനവും കൃഷിയും മന്ത്രി (ശ്രീ. ഒ. കോരൻ): സർ, ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഇൻഡ്യൻ ഭരണഘടനയുടെ 23–ാം വകുപ്പു പ്രകാരം പട്ടികജാതി–പട്ടികവർഗ്ഗക്കാർക്കു നൽകിയിട്ടുള്ള ഇന്നത്തെ സംവരണം പത്തുകൊല്ലത്തേക്കുകൂടി നീട്ടാനുള്ള ഭേദഗതിക്കാണ് ഈ പ്രമേയംമൂലം നാമുദ്ദേശിക്കുന്നത്. ഈ നിയമം 1970 ജനുവരി 26–ാം തീയതി കാലഗതി പ്രാപിക്കാൻ പോകുകയായിരുന്നു. ആ സമയത്താണ് പത്തുകൊല്ലത്തേക്കുകൂടി നീട്ടുന്നതിന് പാർലമെന്റിന്റെ ഇരു സഭകളും തീരുമാനം അംഗീകരിച്ചത്. പാർലമെന്റിന്റെ ഇരു സഭകളിലും ഇത് അംഗീകരിക്കപ്പെട്ടത് വളരെ സന്തോഷകരമായ കാര്യമാണ്. പത്തുകൊല്ലത്തേക്കു കൂടി നീട്ടാൻ ഇൻഡ്യാഗവൺമെന്റ് മുൻകൈയെടുത്തതിൽ ഗവൺമെന്റിനെ അഭിനന്ദിക്കാനാണ് ഞാൻ ഈ സന്ദർഭം ഉപയോഗിക്കുന്നത്. ഈ ഭേദഗതി പ്രത്യേകിച്ചും ഇവിടെ പാസാക്കേണ്ടതാവശ്യമാണെന്നാണ് എന്റെ അഭിപ്രായം. ഇതുസംബന്ധിച്ച് പഠനങ്ങൾ നടത്തി പല വിവരങ്ങളും ശേഖരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതുവരെയും നടന്നിട്ടുള്ള ഇൻഡ്യൻ പാർലമെൻറു തിരഞ്ഞെടുപ്പിൽ ബംഗാളിൽനിന്നു മാത്രമാണ് ഒരു ഹരിജൻ ഒരു സീറ്റിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടു പോയിട്ടുള്ളത്. ജയിച്ചിട്ടുള്ളതെന്നു ചൂണ്ടിക്കാണിക്കുകയാണ്.

10 A.M. ഇക്കലമാത്രയുമായിട്ടും ഇൻഡ്യൻ പാർലമെൻറിലേയ്ക്കു പൊതു സീറ്റിൽ നിന്നും ഒരു ഹരിജൻ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത് ബംഗാളിൽ നിന്നു മാത്രമേയുള്ള. മറ്റൊരു സ്ഥലത്തുനിന്നും വിജയിക്കാൻ ഹരിജനങ്ങൾക്കു സാധിച്ചിട്ടില്ലെന്നുള്ളതുകൊണ്ടുതന്നെ ഈ ഭരണഘടനയുടെ ഭേദഗതി അടിയന്തിരമാണെന്ന ചൂണ്ടിക്കാണിക്കാൻവേണ്ടിയാണ് ഞാൻ ഇതു പറയുന്നത്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: പാലക്കാട്ടുനിന്നും ഒരിക്കൽ പാർലമെൻറിലേയ്ക്കു ജയിച്ചിട്ടുണ്ട്.

ശ്രീ. ഓ. കോരൻ: അതു പൊതുസീറ്റിൽ ഹരിജനങ്ങൾ നിർത്തിയിട്ടുള്ളതാണ്. ഹരിജനങ്ങളും അല്ലാത്തവരുമായി മൽസരിച്ചതിൻെറ അടിസ്ഥാനത്തിൽ കൂടുതൽ വോട്ടുകൾ കിട്ടിയതിൻെറ അടിസ്ഥാനത്തിൽ ജയിച്ചതാണ്. ഹരിജനങ്ങൾ തന്നെ പൊതുസീറ്റിൽനിന്നു ജയിച്ചതാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ: ദ്വയാംഗ നിയോജകമൺഡലം ആയതുകൊണ്ടല്ലേ?

ശ്രീ. ഓ. കോരൻ: അതേ. ഒരു മഹാൻ അടുത്തകാലത്ത് (പുരി ശങ്കരാചാര്യർ) അയിത്തം വീണ്ടും ആരംഭിക്കേണ്ടതാണെന്ന അഭിപ്രായഗതി ലോകത്തിൽ പ്രചരിപ്പിച്ചിട്ടുണ്ട്. അതു കാലഗതി വന്നിട്ടുള്ള അഭിപ്രായഗതിയാണ്. ആ അഭിപ്രായത്തിന് യാതൊരു വിധ വിലയുമില്ല. നമ്മുടെ രാജ്യത്തുണ്ടാകുന്ന അഭിപ്രായഗതിക്ക് തടസ്സമാണ്. ഇങ്ങനെ ഈ കാലത്ത് ഇങ്ങനെ ഒരഭിപ്രായഗതി വച്ചുപുലർത്തുന്ന ആൾ ജീവിച്ചിരിക്കുകയാണല്ലോ അതിന് ഇങ്ങനെയുള്ള ഭേദഗതിമൂലം പരിഹാരമുണ്ടാക്കണം. രാജ്യസഭയിലേയ്ക്കു ഹരിജനങ്ങൾക്കു സംവരണ തത്വം അംഗീകരിക്കപ്പെട്ടിട്ടില്ല. അതുകൂടി അംഗീകരിച്ചിട്ട് അവിടെയും സംവരണം ഉൾപ്പെടുത്താനും ഹരിജനങ്ങൾക്കു രാജ്യസഭയിൽ വരാനും അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ച് കാര്യങ്ങൾ നടത്താനും ഗവൺമെൻറ് ആലോചിക്കണമെന്നുകൂടി പറയാൻ ഞാൻ ഈയവസരം ഉപയോഗപ്പെടുത്തുകയാണ്. ഹരിജനങ്ങൾക്കുവേണ്ടി ഭരണഘടനയിൽ ഭേദഗതി അംഗീകരിച്ചു നടപ്പിലാക്കാൻവേണ്ടി എല്ലാ രാഷ്ട്രീയ പാർട്ടികളും യാതൊരു രാഷ്ട്രീയവ്യത്യാസവും ഇല്ലാതെയാണ് ഇൻഡ്യൻ പാർലമെൻറിൽ അംഗീകരിച്ചിട്ടുള്ളത്.

ശ്രീ. ഇ. എം. ജോർജ്: ബഹുമാനപ്പെട്ട മന്ത്രി, മന്ത്രിയാകുന്നതിനു മുൻപു എല്ലാ പ്രസംഗത്തിലും സുന്ദരമായ ഒരു കവിത ചൊല്ലുന്നതു കേൾക്കാനുണ്ടായിരുന്നു. ഇന്ന് എന്താണ് കവിതയില്ലാത്തത്.

ശ്രീ. ഓ. കോരൻ: അതുകൊണ്ട് ഭരണഘടനയിൽ ഇങ്ങനെയുള്ള ആനുകൂല്യം നൽകുന്നതിന് യാതൊരു രാഷ്ട്രീയ പാർട്ടിക്കും എതിർപ്പുണ്ടായിരുന്നില്ലെന്നു മാത്രമല്ല ആനുകൂല്യങ്ങൾ നൽകേണ്ടതാണെന്നു അഭിപ്രായഗതിയാണ് ഇൻഡ്യൻ പാർലമെൻറു പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതെന്നുള്ളതുകൊണ്ട് വളരെ ആവശ്യമാണെന്നു വിശ്വസിക്കുകയാണ് ചെയ്തീട്ടുള്ളത്. അതുകൊണ്ട് ഈ ഭേദഗതി കാലാവധി അവസാനിക്കുന്നതിനുമുൻപുതന്നെ ഉണ്ടാക്കാൻ പ്രമേയം അവതരിപ്പിച്ചു, അതിനു മുൻകൈയെടുത്ത സ്റേറ്റുഗവൺമെൻറിനെയും ഇൻഡ്യാഗവൺമെൻറിനെയും അഭിനന്ദിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിദ്യാഭ്യാസവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, സഭയുടെ എല്ലാ ഭാഗത്തുനിന്നും ഈ പ്രമേയത്തെ അനുകൂലിച്ചു കഴിഞ്ഞ സ്ഥിതിക്ക് ഇതു ഐകകണ്ഠ്യേന സഭ പാസ്സാക്കിത്തരുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇവിടെ ഈ വാദപ്രതിവാദത്തിനുള്ള അവസരം ഉപയോഗിച്ചുകൊണ്ട് ഹരിജനങ്ങൾക്കുള്ള വിവിധ അവശതകളെ സംബന്ധിച്ച് പല ഹരിജൻ മെമ്പറൻമാരും സംസാരിക്കുകയുണ്ടായി. അങ്ങനെ ഈ സഭയിലും മറ്റു സഭകളിലും സംസാരിക്കാനുള്ള സന്ദർഭം അവർക്കു മേലിലും 10 കൊല്ലത്തേയ്ക്കു ഉണ്ടാകുമെന്നാണ് ഈ ഭേദഗതിയുടെ ഉദ്ദേശമെന്ന് എല്ലവർക്കും അറിയാവുന്നതാണ്. അതുകൊണ്ട് ആ നിലയിൽ അവർക്കു അവരുടെ അഭിപ്രായങ്ങൾ പറയാനും അവരുടെ അവശതകൾ പരിഹരിച്ചു കിട്ടാനുമുള്ള അവസരം ഉണ്ടാക്കുന്നതിന് എല്ലാ പാർട്ടിയിൽപ്പെട്ടവരും എല്ലാ സമുദായത്തിൽപെട്ടവരുമായ മെമ്പറൻമാർ വളരെ ഉദാരമായ ഒരു നിലപാടാണ് ഈ സഭയെ സംബന്ധിച്ചിടത്തോളവും മറെറല്ലാസഭകളെ സംബന്ധിച്ചിടത്തോളവും സ്വീകരിച്ചു കാണുന്നത്. ഇതിനെ സംബന്ധിച്ച രാജ്യസഭയുടെയും ലോകസഭയുടെയും നടപടികളും ഞാൻ നോക്കുകയുണ്ടായി. യാതൊരു എതിർപ്പുമില്ലാതെയാണ് അവിടെയും പാസ്സാക്കിയത് എന്നു കാണുന്നുണ്ട്. ആ നിലയ്ക്കു ഈ സഭയും പാസ്സാക്കുമെന്നുള്ള വിശ്വാസമുള്ളതുകൊണ്ടും ഇവിടെ അവതരിപ്പിക്കപ്പെട്ട പ്രമേയത്തെ എതിർത്തുകൊണ്ട് ആരും സംസാരിച്ചിട്ടില്ലാത്തതുകൊണ്ടും മറുപടിയൊന്നും പറയാനില്ലാത്തതുകൊണ്ടും ഞാൻ കൂടുതലൊന്നും പറയുന്നില്ല:

The following Resolution moved by Shri C. H. Mohammed Koya on behalf of the Chief Minister viz:

> "that this House ratifies the amendments to the Constitution of India falling within the purview of the proviso to Article 368 thereof, proposed to be made by the Constitution (Twenty-third Amendment) Bill, 1969, as passed by both Houses of Parliament" was put and carried.

The Resolution was adopted.

LEGISLATIVE BUSINESS

The Kerala Public Services Commission (Additional Functions as respects the Kerala State Road Transport Corporation) Bill, 1970.

Shri T. K. Krishnan: Sir, I move

(1) In clause 3 (a), between the words 'Servants' and 'of the Corporation' insert the words "including all employees".

(2) In clause 3, sub-clause (1) (a) delete the words occurring after 'methods of recuritment' and add the following namely:
"to services and posts under the Kerala State Road Transport Corporation".

ഞാൻ ഇന്നലെ ഉന്നയിച്ച വാദഗതിതന്നെയാണ് ഈ ഭേദഗതികൾ കൊണ്ടും ഉദ്ദേശിച്ചിട്ടുള്ളത്. പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ എല്ലാ ഉദ്യോഗങ്ങളും, ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ കീഴിലുള്ള എല്ലാ ഉദ്യോഗങ്ങളും ഉൾപ്പെടുത്തണമെന്നുള്ളതാണ് എനിക്കു ബോധിപ്പിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly